ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 19-06-2025**

## പ്രധാനവാർത്തകൾ

1. നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ കനത്ത പോളിങ്ങ് ; നിലവിൽ പോളിങ്ങ് ശതമാനം 70 ന് മുകളിൽ ; വോട്ടെടുപ്പ് സമയം അവസാനിച്ചു.

2. വിജയപ്രതീക്ഷയിൽ സ്ഥാനാർത്ഥികൾ ; പോളിങ്ങ് പൊതുവേ സമാധാനപരം ; വോട്ടെണ്ണൽ തിങ്കളാഴ്ച.

3. ഗവർണറുടെ പരിപാടിയിൽ നിന്നും ഇറങ്ങിപ്പോയ മന്ത്രി വി ശിവൻകുട്ടിയുടെ നടപടിയെ വിമർശിച്ച് രാജ്ഭവൻ ; വിയോജിപ്പ് രേഖപ്പെടുത്തി മന്ത്രി.

4. അന്താരാഷ്ട്ര യോഗാ ദിനാഘോഷത്തിനൊരുങ്ങി ഇന്ത്യ ; രാജ്യത്തുടനീളം മറ്റന്നാൾ വിപുലമായ പരിപാടികൾ.

5. ഇറാൻ-ഇസ്രയേൽ സംഘർഷം ഏഴാം ദിവസവും അതിരൂക്ഷമായി തുടരുന്നു ; ഇറാനിൽ നിന്നുള്ള ആദ്യ സംഘം ഇന്ത്യയിൽ മടങ്ങിയെത്തി.

*********************************

PNU TVPM

## നിലമ്പൂർ (ഇൻട്രോ)

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ കനത്ത പോളിങ്. 5 മണി വരെയുള്ള കണക്കുകൾ പ്രകാരം 70 ശതമാനത്തിന് മുകളിലാണ് പോളിങ് നിരക്ക്. വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. പോളിങ് സമയം ആറ് മണിയോടെ അവസാനിച്ചെങ്കിലും, ക്യൂവിൽ തുടരുന്നവർക്ക് വോട്ട് ചെയ്യാൻ അവസരം ഒരുക്കിയിട്ടുണ്ട്. വോട്ടെടുപ്പ് പൂർത്തിയായ ശേഷമായിരിക്കും അന്തിമ കണക്കുകൾ പുറത്ത് വരിക. 2021 നിയമസഭാ തിരഞ്ഞെടുപ്പിലെ 75 ശതമാനം പോളിങ് ഇക്കുറി മറികടക്കാൻ സാധിക്കുമോ എന്ന ആകാംഷയിലാണ് മുന്നണികൾ. പ്രതികൂല കാലാവസ്ഥയ്ക്കിടയിലും മികച്ച പ്രതികരണമാണ് ആദ്യ മണിക്കൂറുകൾ മുതൽ തന്നെ നിലമ്പൂരിലെ വോട്ടർമാരിൽ നിന്നും ലഭിച്ചത്. ആവേശകരമായ പ്രചാരണത്തിൻറെ ഉത്സാഹം വോട്ടർമാരിലും പ്രകടമായിരുന്നു. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ തുടങ്ങി 10 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

**നിലമ്പൂരിൽ നിന്നും കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു**

(ഹോാൾഡ്)

***********************************

RNU TVPM

## വിജയപ്രതീക്ഷ

തികഞ്ഞ വിജയപ്രതീക്ഷയിലാണ് സ്ഥാനാർത്ഥികളെല്ലാവരും. എൽഡിഎഫ് സർക്കാരിനെതിരായ വിധിയെഴുത്താകും നിലമ്പൂരിലെ തിരഞ്ഞെടുപ്പ് ഫലമെന്ന് യുഡിഎഫ് സ്ഥാനാർത്ഥി

ആര്യാടൻ ഷൗക്കത്ത് പ്രതീക്ഷ പങ്കുവച്ചു. അതാത് സമയത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ പരിഗണിച്ചാണ് ജനങ്ങൾ വോട്ട് രേഖപ്പെടുത്തുകയെന്ന് എൽഎഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ് പ്രതികരിച്ചു. തിരഞ്ഞെടുപ്പ് ഫലത്തിൽ ശുഭപ്രതീക്ഷയുണ്ടെന്ന് എൻഡിഎ സ്ഥാനാർത്ഥി മോഹൻ ജോർജ് പറഞ്ഞു. 75,000 ത്തിന് മുകളിൽ വോട്ടോടെ വിജയിക്കുമെന്ന ഉറച്ച ആത്മവിശ്വാസമാണ് സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ പങ്കുവച്ചത്. എംഎൽഎ സ്ഥാനത്തു നിന്നും പി.വി അൻവർ കഴിഞ്ഞ ജനുവരിയിൽ രാജിവച്ചതിനെ തുടർന്നാണ് നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

***********************************

## നിലമ്പൂർ - സംഘർഷം

വോട്ടെടുപ്പിനിടെ നിലമ്പൂർ ചുങ്കത്തറ പഞ്ചായത്തിലെ കുറുമ്പലങ്ങാട് എൽഡിഎഫ് യുഡിഎഫ് പ്രവർത്തകർക്കിടയിൽ സംഘർഷമുണ്ടായി. മണ്ഡലത്തിന് പുറത്തുനിന്നുള്ള എൽഡിഎഫ് പ്രവർത്തകർ പ്രദേശത്തെത്തി വോട്ടർമാരെ സ്വാധീനിക്കുന്നതായി ആരോപിച്ചായിരുന്നു കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധിച്ചത്. സംഘർഷം കടുത്തതോടെ പോലീസ് എത്തി പ്രവർത്തകരെ പിരിച്ചുവിട്ടു.

RNU TVPM

***********************************

## നിലമ്പൂർ - ബൂത്ത്

തിങ്കളാഴ്ച നടക്കുന്ന വോട്ടെണ്ണലിനുള്ള മുന്നോരുക്കങ്ങളും മണ്ഡലത്തിൽ ആരംഭിച്ചു. കൗണ്ടിംഗ് സ്റ്റേഷനായ ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിൽ 14 ഇവിഎം കൗണ്ടിംഗ് ടേബിളുകളും 5 പോസ്റ്റൽ ബാലറ്റ്/ സർവീസ് വോട്ട് കൗണ്ടിങ് ടേബിളുകളും സജ്ജീകരിക്കും. 263 പോളിംഗ് ബൂത്തുകളിലായാണ് നിലമ്പൂരിൽ വോട്ടെടുപ്പ് നടന്നത്. നിലമ്പൂർ നഗരസഭയും വഴിക്കടവ്, മൂത്തേടം, എടക്കര, പോത്തുകല്ല്,

ചുങ്കത്തറ, കരുളായി, അമരമ്പലം പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് നിയമസഭാ മണ്ഡലം.

***********************************

## ഉപതിരഞ്ഞെടുപ്പ് - മറ്റ് സംസ്ഥാനം

ഗുജറാത്ത്, പഞ്ചാബ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലും ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നു. ഗുജറാത്തിലെ വിസാവ്ദർ, കഡി മണ്ഡലങ്ങളിൽ 5 മണി വരെയുള്ള കണക്കുകൾ പ്രകാരം 54.61 ശതമാനം പോളിങ്ങ് രേഖപ്പെടുത്തി. പഞ്ചാബിലെ ലുധിയാന മണ്ഡലത്തിൽ 49 ശതമാനവും പശ്ചിമബംഗാളിലെ കാളിഗഞ്ച് മണ്ഡലത്തിൽ 70 ശതമാനവുമാണ് പോളിങ്ങ്.

***********************************

## മന്ത്രി ശിവൻകുട്ടി - രാജ്ഭവൻ

രാജ്ഭവനിൽ നടന്ന പരിപാടിയിൽ ഗവർണർ വേദി വിടുന്നതിനു മുൻപ് ഇറങ്ങിപ്പോയ മന്ത്രി വി ശിവൻകുട്ടിയുടെ നടപടി ഗൗരവത്തോടെ കാണുന്നതായി രാജ്ഭവൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. മന്ത്രി പ്രോട്ടോകോൾ ലംഘിച്ചത് തെറ്റായ കീഴ് വഴക്കമാണെന്നും ഗവർണറെ അപമാനിച്ചെന്നും വാർത്താക്കുറിപ്പിൽ പറയുന്നു. ഭാരതാംബയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തിയതിൽ പ്രതിഷേധിച്ചാണ് മന്ത്രി വി ശിവൻ കുട്ടി ചടങ്ങിൽ നിന്നും ഇറങ്ങിപ്പോയത്. ഔദ്യോഗിക ചടങ്ങിനെ രാഷ്ട്രീയ വേദിയാക്കുകയാണ് ഗവർണർ ചെയ്യതെന്നായിരുന്നു മന്ത്രി വി ശിവൻകുട്ടിയുടെ പ്രതികരണം. രാജ്ഭവൻറെ പ്രസ്താവന തള്ളിക്കളയുന്നതായും മന്ത്രി പറഞ്ഞു.

***********************************

RNU TVPM

## യോഗ ദിനം

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ ഈ മാസം 21-ന് രാജ്യത്തുടനീളം യോഗ പരിപാടികൾ സംഘടിപ്പിക്കും. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യനും, കൊച്ചിയിൽ നടക്കുന്ന യോഗദിനാചരണത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും, മലപ്പുറം കോട്ടക്കലിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെയും പങ്കെടുക്കും.

*************************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......**

**(ബ്രേക്ക്)**

*************************************

## ഓപ്പറേഷൻ-സിന്ധു

വടക്കൻ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 110 ഇന്ത്യൻ വിദ്യാർത്ഥികളെയും വഹിച്ചുകൊണ്ടുള്ള ആദ്യ വിമാനം ഇന്ന് പുലർച്ചെ ന്യൂഡൽഹിയിലെത്തി. ഇറാൻ-ഇസ്രയേൽ സംഘർഷം ഏഴാം ദിവസവും അതിരൂക്ഷമായി തുടരുകയാണ്. ഇറാൻ മിസൈലുകൾ ഇസ്രയേലിൻറെ വിവിധ ഭാഗങ്ങളിൽ കനത്ത നാശം വിതച്ചു. തെക്കൻ ഇസ്രയേലിലെ ഒരു ആശുപത്രിയിൽ ഇറാൻ ആക്രമണം നടത്തിയതായി ഇസ്രയേൽ അറിയിച്ചു. എന്നാൽ ആശുപത്രിക്ക് സമീപമുള്ള സൈനിക കേന്ദ്രമാണ് ലക്ഷ്യമിട്ടതെന്ന് ഇറാൻ പ്രതികരിച്ചു. അതേസമയം, ഇറാനിലെ അരാക് ആണവ റിയാക്ടർ ആക്രമിച്ചതായി ഇസ്രയേൽ സേന

PNU TVPM

വ്യക്തമാക്കി. ഇസ്രയേൽ ആക്രമണത്തെ തുടർന്ന് ഇറാനിലുടനീളം ഇൻറർനെറ്റ് സേവനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

************************************

## അമൈക്കസ് ക്യൂരി

ചികിത്സാപ്പിഴവുകളുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതികളുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള അമൈക്കസ് ക്യൂരിയായി അഭിഭാഷകൻ എസ്. ആകാശിനെ നിയോഗിച്ച് കേരള ഹൈക്കോടതി. മെഡിക്കൽ അശ്രദ്ധയുമായി ബന്ധപ്പെട്ട കേസുകളിൽ സ്വതന്ത്രമായ മെഡിക്കൽ അഭിപ്രായം നൽകുന്നതിനാണ് വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിരിക്കുന്നത്.

************************************

## സേ പരീക്ഷ

2025 ലെ SSLC, THSLC സേ പരീക്ഷാ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തി. sslcexam.kerala.gov.in thslcexam.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ ഫലം ലഭ്യമാണ്.

RNU TVPM

************************************

## തെരുവുനായ ആക്രമണം

ഇടുക്കി ദേവികുളം സർക്കാർ സ്കൂളിലെ അഞ്ചു വിദ്യാർത്ഥികൾക്ക് തെരുവ് നായയുടെ ആക്രമണത്തിൽ പരിക്കേറ്റു. രാവിലെ സ്കൂളിലേക്ക് പോകുമ്പോഴാണ് നായയുടെ ആക്രമണം ഉണ്ടായത്. ഇന്നലെ മറ്റൊരു ഹൈസ്കൂൾ വിദ്യാർത്ഥിയെയും തെരുവ് നായ ആക്രമിച്ചിരുന്നു.

************************************

## ഇരവികുളം - ഇൻട്രോ

കേരളത്തിലെ ആദ്യത്തെ ദേശീയോദ്യാനമായ ഇരവികുളം ദേശീയ ഉദ്യാനം 50-ാാം വാർഷികാഘോഷത്തിനൊരുങ്ങി. ഒരു വർഷം നീളുന്ന വിപുലമായ പരിപാടികളാണ് വനം വകുപ്പ് സംഘടിപ്പിക്കുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

*************************************

## ശബരിമല

മിഥുനമാസ പൂജകൾ പൂർത്തിയാക്കി ശബരിമല നട ഇന്നു രാത്രി 10 നു അടയ്ക്കും. സന്നിധാനത്ത് ഇന്ന് പുതിയ നവഗ്രഹ ശ്രീകോവിലിൻറെ ഉത്തരംവെപ്പ് ചടങ്ങ് നടന്നു. മാളികപ്പുറത്തിന് സമീപമാണ് പുതിയ ശ്രീകോവിൽ.

RNUTVPM

*************************************

## അപകടം

തൊടുപുഴ-പുളിയൻമല സംസ്ഥാന പാതയിലെ പൈനാവിന് സമീപം കെ.എസ്.ആർ.ടി.സി ബസ് റോഡിൽ നിന്നും തെന്നിമാറി. വനത്തിനുള്ളിലേക്ക് കടന്ന ബസ് കൊക്കയിലേക്ക് ചരിഞ്ഞെങ്കിലും മൺ തിട്ടയിൽ തടഞ്ഞ് നിന്നതിനാൽ വലിയ അപകടം ഒഴിവായി. യാത്രക്കാരെയും ജീവനക്കാരെയും ഉടൻ തന്നെ പുറത്തിറക്കുകയായിരുന്നു.

*************************************

## ഡ്രോൺ സർവ്വേ - കാസർകോഡ്

കാസർകോഡ് വീരമല കുന്നിൽ മണ്ണിടിഞ്ഞ് ചിലയിടങ്ങളിൽ വിള്ളലുകൾ കണ്ടെത്തിയതിനെ തുടർന്ന് ജില്ലാ കളക്ടർ കെ ഇമ്പശേഖറിന്റെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ നടത്തി. ഇത് സംബന്ധിച്ച റിപ്പോർട്ട് ദേശീയപാത അതോറിറ്റിക്ക് കൈമാറും.

************************************

## ടോൾ പ്ലാസ

കൊച്ചി - ധനുഷ്കോടി ദേശീയ പാതയിൽ ദേവികുളത്തുള്ള ടോൾ പ്ലാസയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കാൻ ദേവികുളം സബ് കളക്ടർ ഉത്തരവിട്ടു. ടോൾ പ്ലാസയിൽ ആംബുലൻസ്, ഫയർ എൻജിൻ അടക്കമുള്ള അടിയന്തര വാഹനങ്ങൾ കടന്നു പോകുന്ന പാത തടസപ്പെട്ട സാഹചര്യത്തിലാണ്, ഇത് പരിഹരിക്കുന്നതു വരെ ടോൾ പ്ലാസയുടെ പ്രവർത്തനം നിർത്തിവച്ചത്.

RNU TVPM

************************************

## മഴ

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് . വടക്കൻ കേരള തീരം മുതൽ വടക്കൻ കൊങ്കൺ തീരം വരെ തീരദേശ ന്യൂനമർദപാത്തി രൂപപ്പെട്ടതായി കാലാവസ്ഥാവകുപ്പ് അറിയിച്ചു. കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കേരള തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് തടസ്സമില്ല.

************************************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി സൂചികകൾ ഇന്ന് നേരിയ ഇടിവോടെ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 83 പോയിന്റ് നഷ്ടത്തിൽ 81,362 ലും, നിഫ്റ്റി 19 പോയിന്റ് നഷ്ടത്തിൽ 24,793 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണം പവന് 120 രൂപ വർദ്ധിച്ച് 74,120 രൂപയും ഗ്രാമിന് 9,265 രൂപയുമാണ് ഇന്ന് വില .

***********************************

## ഇന്ത്യ -ഇംഗ്ലണ്ട് ടെസ്റ്റ്

ഇന്ത്യ -ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം . അഞ്ചു മത്സരങ്ങളുള്ള പരമ്പരയിൽ, ശുഭ് മാൻ ഗിൽ ഇന്ത്യൻ ടീമിനെ നയിക്കും.

***********************************

## മുഖ്യമന്ത്രി - കെ-സ്പേസ്

ബഹിരാകാശ മേഖലയിലെ അറിവുകൾ പൊതുസമൂഹത്തിൻറെ സമഗ്ര പുരോഗതിക്ക് പ്രയോജനപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെ-സ്പേസ് പാർക്കിന്റെ ശിലാസ്ഥാപനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ടെക്നോസിറ്റി ക്യാമ്പസിൽ സ്ഥാപിക്കുന്ന കെ-സ്പേസ് പാർക്ക്, ബഹിരാകാശ രംഗത്തെ വ്യവസായ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ ലക്ഷ്യമിടുന്നു.

**************************************************************************************
*******************

RNU TVPM